# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

### ദൂത് നാല്പത്തൊമ്പത്

## വൈകി എത്തുന്ന ജയാളികളും ഏഴു കലശങ്ങളും

(1)

Sat

## വൈകി എത്തുന്ന ജയാളികൾ

### I. കഷ്ടംസഹിക്കുകയും മഹോപദ്രവത്തിന്റെ മുഖ്യഭാഗത്തിലൂടെ കടന്നുപോകുകയും ചെയ്തു

വെളിപ്പാട് 15:2 പറയുന്നു, "തീ കലർന്ന കണ്ണാടിക്കടൽപോലെ ഒന്നും, കണ്ണാടിക്കടലിന്മേൽ ദൈവത്തിന്റെ കിന്നരങ്ങളുമായി, മൃഗത്തിൽനിന്നും അവന്റെ പ്രതിമയിൽനിന്നും അവന്റെ പേരിന്റെ സംഖ്യയിൽനിന്നും ജയിച്ചുവരുന്നവർ നിൽക്കുന്നതും ഞാൻ കണ്ടു." മഹോപദ്രവത്തിന്റെ മുഖ്യഭാഗത്തിലൂടെ കടന്നുപോകുകയും, എതിർക്രിസ്തുവിനെയും അവന്റെ ആരാധനയെയും ജയിക്കുകയും ചെയ്യുന്നവരായ ഇവിടെ പറഞ്ഞിരിക്കുന്ന വിശ്വാസികളെ, നമുക്ക് വൈകി എത്തുന്ന ജയാളികൾ എന്നു വിളിക്കാം. ഇവർ, 14:12-ലും 13-ലും പരാമർശിച്ചിരിക്കുന്ന, എതിർക്രിസ്തുവിന്റെ ഉപദ്രവത്തിൻകീഴിൽ രക്തസാക്ഷികളാകുകയും, സഹസ്രാബ്ദത്തിൽ ക്രിസ്തുവിനോടുകൂടെ വാഴുവാൻ ഉയിർപ്പിക്കപ്പെടുകയും ചെയ്യുന്നവരാണ് (20:4).

### II. മൃഗത്തെയും, അവന്റെ പ്രതിമയെയും, അവന്റെ പേരിന്റെ സംഖ്യയെയും ജയിച്ചിരിക്കുന്നു

വൈകി എത്തുന്ന ജയാളികൾ മൃഗത്തെയും, അവന്റെ പ്രതിമയെയും, അവന്റെ പേരിന്റെ സംഖ്യയെയും ജയിക്കും. അവർ ക്രിസ്തുവിനാൽ കൊല്ലപ്പെടുന്നുവെങ്കിലും, ദൈവത്തിന്റെ ദൃഷ്ടിയിൽ അവർ വിജയികളാണ്. പിന്നീടുള്ള ഒരു സമയം അവർ ജയിക്കുമെന്നതുകൊണ്ട്, അവരെ വൈകി എത്തുന്ന ജയാളികൾ എന്നു നാം പറയുന്നു.

## III. കണ്ണാടിക്കടലിന്മേൽ നിൽക്കുന്നു

### A. മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടു

വൈകി എത്തുന്ന ജയാളികൾ കണ്ണാടിക്കടലിന്മേൽ നിൽക്കുന്നുവെന്ന് വാക്യം 2 പറയുന്നു. ഇത് ഒന്നാമതായി സൂചിപ്പിക്കുന്നത് അവർ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു എന്നാണ്.

### B. സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു

രണ്ടാമതായി, വൈകി എത്തുന്ന ജയാളികൾ സ്വർഗത്തിലേക്ക് എടുക്കപ്പെട്ടിരിക്കുന്നുവെന്ന് സൂചിപ്പിക്കുന്നു. 4:6-ൽ ആരുംതന്നെ കണ്ണാടിക്കടലിന്മേൽ നിൽക്കുന്നില്ലായിരുന്നു, എന്നാൽ വൈകി എത്തുന്ന ജയാളികൾ സ്വർഗത്തിലേക്ക് എടുക്കപ്പെട്ടതിനുശേഷം അവിടെ നിൽക്കും.

### C. ദൈവത്തിന്റെ തീകൊണ്ടുള്ള ന്യായവിധിക്കു മുകളിൽ

വാക്യം 2-ൽ അപ്പൊസ്തലനായ യോഹന്നാൻ "തീ കലർന്ന കണ്ണാടിക്കടൽപോലെ ഒന്ന് കണ്ടു." വൈകി എത്തുന്ന ജയാളികൾ കണ്ണാടിക്കടലിന്മേൽ നിൽക്കുന്നു എന്ന വസ്തുത അവർക്ക് യാതൊരു കാര്യവുമില്ലാത്ത ദൈവത്തിന്റെ എല്ലാ ന്യായവിധികളുടെയും മേൽ അവർ നിൽക്കുന്നുവെന്ന് ചൂണ്ടിക്കാണിക്കുന്നു.

ഈ കണ്ണാടിക്കടൽ വെള്ളംകൊണ്ടുള്ളതല്ല, തീ കൊണ്ടുള്ളതാണ്. വേദപുസ്തകമനുസരിച്ച്, മത്സരികളായ ഭൂമിയുടെയും, ദൂതന്മാരുടെയും, മനുഷ്യവർഗത്തിന്റെയുംമേൽ ഒന്നാമതായി വെള്ളത്താലും, പിന്നെ തീയാലും ദൈവം ന്യായവിധി നടപ്പാക്കുന്നു. മത്സരികളായ ദൂതന്മാരെയും ഭൂമിയെയും ദൈവം വെള്ളത്താൽ ന്യായംവിധിച്ചതിനുശേഷം, ഈ ന്യായംവിധിക്കുന്ന വെള്ളം കടലായിത്തീർന്നു. മത്സരിക്കുന്ന കാര്യങ്ങളെ ന്യായംവിധിക്കുവാൻ ദൈവത്താൽ ഉപയോഗിക്കപ്പെടുന്ന സകല തീകളുടെയും പരിണതിയായിരിക്കും തീപ്പൊയ്ക. അങ്ങനെ, ന്യായവിധി നടപ്പാക്കുവാൻ ദൈവത്താൽ ഉപയോഗിക്കപ്പെടുന്ന വെള്ളവും തീയും എന്ന രണ്ടു മുഖാന്തരങ്ങൾ ഒന്നാമത് കണ്ണാടിക്കടലായും ഒടുവിൽ തീപ്പൊയ്കയായും ഒരുമിച്ചു കൂട്ടികലർത്തപ്പെടും. തീപ്പൊയ്കയുടെ മുൻഗാമിയായ കണ്ണാടിക്കടൽ തീപ്പൊയ്കയായി വികാസം പ്രാപിക്കും.

ജലപ്രളയത്തിനുശേഷം, ഭൂമിയെയും അതിലെ ജീവികളെയും വെള്ളത്താൽ വീണ്ടും ന്യായംവിധിക്കുകയില്ലെന്നുള്ള തന്റെ വാഗ്ദത്തപ്രകാരം (ഉല്പ. 9:15), ദൈവം മനുഷ്യനുമേലുള്ള

അവന്റെ ന്യായവിധി നടപ്പാക്കുന്നത് എപ്പോഴും തീയാലാണ് (ഉല്പ. 19:24; ലേവ്യ. 10:2; സംഖ്യ. 11:1; 16:35; ദാനീ. 7:11; വെളി. 14:11; 18:8; 19:20; 20:9-10; 21:8). ദൈവത്തിന്റെ ന്യായാസനം അഗ്നിജ്വാലപോലെയാണ്; അതിൽനിന്ന് ഒരു അഗ്നിനദി പുറപ്പെട്ട് ഒഴുകുന്നു (ദാനീ. 7:9-10). ദൈവത്തിന്റെ ന്യായംവിധിക്കുന്ന അഗ്നിജ്വാല പ്രപഞ്ചത്തിലുള്ള എല്ലാ പ്രതിലോമ കാര്യങ്ങളെയും കണ്ണാടിക്കടലിലേക്ക് നീക്കിക്കളയും, അത് ഒടുവിൽ തീകൊണ്ടുള്ള ദൈവത്തിന്റെ സകല ന്യായവിധിയുടെയും ആകത്തുകയായ തീപ്പൊയ്കയായിത്തീരുകയും ചെയ്യുന്നു (20:14).

## IV. ദൈവത്തിന്റെ കിന്നരങ്ങൾ പിടിച്ചിരിക്കുന്നു

വൈകി എത്തുന്ന ജയാളികൾക്ക് ദൈവത്തിന്റെ കിന്നരങ്ങൾ ഉണ്ടായിരിക്കും. അവർക്ക് ഭൗമികമായ യാതൊരു സംഗീതോപകരണങ്ങളും ഉണ്ടായിരിക്കുകയില്ല. ദൈവത്തെ അവർ സ്തുതിക്കേണ്ടതിന് അവൻ അവർക്കായി ഈ കിന്നരങ്ങൾ ഒരുക്കും.

## V. മോശെയുടെ പാട്ടും കുഞ്ഞാടിന്റെ പാട്ടും പാടുന്നു

വൈകി എത്തുന്ന ജയാളികൾ "ദൈവത്തിന്റെ അടിമയായ മോശെയുടെ പാട്ടും കുഞ്ഞാടിന്റെ പാട്ടും പാടി" എന്ന് വാക്യം
3 പറയുന്നു. പുറപ്പാട് 15:1-19-ൽ രേഖപ്പെടുത്തിയിരിക്കുന്ന മോശെയുടെ പാട്ട്, ചെങ്കടലിലെ വെള്ളത്തെ ന്യായംവിധിച്ചതിലൂടെ തന്റെ ജയോത്സവമായ വിടുതലിനാൽ ഫറവോന്റെ ശക്തികളുടെമേൽ നേടിയ ജയത്തിനുവേണ്ടി ദൈവത്തെ സ്തുതിക്കുന്നു. മോശെയും യിസ്രായേൽമക്കളും ആ പാട്ട് ചെങ്കടലിന്റെ തീരത്തുവച്ചു പാടി. കണ്ണാടിക്കടലിന്റെ തീകൊണ്ട് ദൈവം ന്യായംവിധിച്ച എതിർക്രിസ്തുവിന്റെ അധികാരത്തിന്മേൽ തങ്ങൾ വിജയികളാണെന്നു സൂചിപ്പിച്ചുകൊണ്ട്, വൈകി എത്തുന്ന ഈ ജയാളികൾ ഈ പാട്ട് പിന്നെയും കണ്ണാടിക്കട ലിന്മേൽ നിന്നുകൊണ്ട് പാടുന്നു (19:20). മോശെയുടെ പാട്ട് തന്റെ ജനത്തിന്റെ ശത്രുവിന്മേലുള്ള ദൈവത്തിന്റെ വിജയകരമായ ന്യായവിധിയെ സൂചിപ്പിക്കുമ്പോൾ, കുഞ്ഞാടിന്റെ പാട്ട് അവരുടെ ശത്രുവിന്റെ സാന്നിധ്യത്തിൽ ദൈവജനത്താൽ അനുഭവമാക്കപ്പെട്ട ക്രിസ്തുവിന്റെ വീണ്ടെടുപ്പിനെ സൂചിപ്പിക്കുന്നു. അങ്ങനെ, മോശെയുടെ പാട്ട് പ്രതിലോമപരമായി അവന്റെ ന്യായവിധിക്കുവേണ്ടി ദൈവത്തെ സ്തുതിക്കുകയും, കുഞ്ഞാടിന്റെ പാട്ട് അനുലോമപരമായി ക്രിസ്തുവിന്റെ വീണ്ടെടുപ്പിനുവേണ്ടി അവനെ സ്തുതിക്കുകയും ചെയ്യുന്നു. ശത്രുവിന്മേലുള്ള ദൈവത്തിന്റെ ന്യായവിധി നിമിത്തവും, തന്റെ ജനത്തെ ക്രിസ്തു വീണ്ടെടുത്തതു നിമിത്തവും, വൈകി എത്തുന്ന ജയാളികൾ

കണ്ണാടിക്കടലിന്മേൽ നിൽക്കുവാനുള്ള സ്ഥാനത്തായിരിക്കുന്നു. അവർ ദൈവത്തിന്റെ ശത്രുക്കളുടെമേലുള്ള അവന്റെ ന്യായവിധിക്കു മുകളിലാണെന്നും, അവർ ക്രിസ്തുവിന്റെ വീണ്ടെടുപ്പിൽ പങ്കുകൊണ്ടവരാണെന്നും വൈകി എത്തുന്ന ജയാളികൾ ദൈവത്തോടുള്ള അവരുടെ സ്തുതിയിൽ മുഴുവൻ പ്രപഞ്ചത്തോടും പ്രഖ്യാപിക്കും. ഈ രണ്ടു കാര്യങ്ങളിലുള്ള അവരുടെ അനുഭവം രണ്ടു തരം പാട്ടുകളായിത്തീരും.

LD

## VI. ദൈവത്തിന്റെ പ്രവൃത്തിയെയും അവന്റെ വഴികളെയും സ്തുതിക്കുന്നു

വൈകി എത്തുന്ന ജയാളികൾ മോശെയുടെ പാട്ടും കുഞ്ഞാടിന്റെ പാട്ടും പാടുമ്പോൾ, അവർ പറയും, "സർവശക്തനായ ദൈവമായ കർത്താവേ, നിന്റെ പ്രവൃത്തികൾ വലുതും അത്ഭുതകരവുമാകുന്നു! രാഷ്ട്രങ്ങളുടെ രാജാവേ, നിന്റെ വഴികൾ നീതിയും സത്യവുമുള്ളവയാകുന്നു! കർത്താവേ, ആർ ഭയപ്പെടാതെയും നിന്റെ നാമത്തെ മഹത്വപ്പെടുത്താതെയും ഇരിക്കും? നീ മാത്രം പരിശുദ്ധനാകുന്നു; നിന്റെ നീതിയുള്ള ന്യായവിധികൾ വെളിവായിരിക്കുന്നതിനാൽ, സകല രാഷ്ട്രങ്ങളും നിന്റെ മുമ്പാകെ വന്നു നിന്നെ ആരാധിക്കും." (വാ. 3-4). വൈകി എത്തുന്ന ജയാളികൾ ദൈവത്തിന്റെ പ്രവൃത്തികളെയും അവന്റെ വഴികളെയും സ്തുതിക്കുമെന്ന് നാം ഇവിടെ കാണുന്നു.

### A. ദൈവത്തിന്റെ പ്രവൃത്തികൾ അവന്റെ ചെയ്തികളാണ്

ദൈവത്തിന്റെ വഴികളിൽനിന്നും ദൈവത്തിന്റെ പ്രവൃത്തികളെ വേർതിരിച്ചറിയുവാൻ പലർക്കും കഴിയുന്നില്ല. ദൈവത്തിന്റെ പ്രവൃത്തികൾ പ്രത്യക്ഷത്തിൽ വലിയതും, സ്വഭാവത്തിൽ അത്ഭുതകരവുമായ അവന്റെ ചെയ്തികളാണ്. ഇവിടെ ദൈവത്തിന്റെ പ്രവൃത്തികൾ മുഖ്യമായും എതിർക്രിസ്തുവിൻമേലുള്ള അവന്റെ ന്യായവിധിയെ പരാമർശിക്കുന്നു. ആ ന്യായവിധികളെല്ലാം പ്രത്യക്ഷത്തിൽ വലിയതും സ്വഭാവത്തിൽ അത്ഭുതകരവും ആയിരിക്കും.

### B. ദൈവത്തിന്റെ വഴികൾ അവന്റെ നിയന്ത്രകപ്രമാണങ്ങളാകുന്നു

ദൈവത്തിന്റെ പ്രവൃത്തികൾ അവന്റെ ചെയ്തികളാണെങ്കിൽ, ദൈവത്തിന്റെ വഴികൾ അവന്റെ നിയന്ത്രകപ്രമാണങ്ങളാണ്. മോശെ ദൈവത്തിന്റെ വഴികൾ അറിഞ്ഞിരുന്നു, എന്നാൽ യിസ്രായേൽമക്കൾ അവന്റെ പ്രവൃത്തികളെ മാത്രമേ അറിഞ്ഞിരുന്നുള്ളൂ (സങ്കീ. 103:7). ദൈവത്തിന്റെ വഴികൾ എപ്പോഴും അവന്റെ പ്രമാണങ്ങളിൽ നീതിയുള്ളതും അവന്റെ

വാഗ്ദത്തങ്ങളിൽ സത്യവും ആണ്. നിങ്ങൾക്ക് ദൈവത്തിന്റെ വഴികൾ അറിയാമെങ്കിൽ, അവന്റെ പ്രവൃത്തികളെ കാണുവാൻ നിങ്ങൾ കാത്തിരിക്കേണ്ട ആവശ്യമില്ല. അവന്റെ പ്രവൃത്തികൾ ഇതുവരെ വന്നിട്ടില്ലെങ്കിലും, ദൈവം ഏതു നിയന്ത്രകപ്രമാണങ്ങളാലാണ് കാര്യങ്ങൾ ചെയ്യുന്നതെന്ന് നിങ്ങൾക്ക് അറിയാവുന്നതുകൊണ്ട് അവ വരുമെന്ന് നിങ്ങൾക്കറിയാം. ദൈവത്തിന്റെ വഴികൾ ദൈവത്തിന്റെ പ്രമാണങ്ങളനുസരിച്ച് നീതിയുള്ളവയാണെന്ന് ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. ഈ രക്തസാക്ഷികൾ കഷ്ടത്തിലും ഉപദ്രവത്തിലുംകൂടെ കടന്നുപോകുമ്പോൾ, ദൈവം നീതിമാനാണെന്നും നീതിപൂർവമായ അവന്റെ നിയന്ത്രകപ്രമാണങ്ങൾക്കനുസരിച്ച് എതിർക്രിസ്തുവിനെ ന്യായംവിധിക്കുവാനും അവരുടെ രക്തത്തിനു പ്രതികാരംചെയ്യുവാനും ഒരു ദിവസം അവൻ ഇടപെടുമെന്നും അവർ അറിയും. ഈ ന്യായവിധി ഇതുവരെ വന്നിട്ടില്ലെങ്കിലും, ദൈവത്തിന്റെ പ്രമാണങ്ങളെ രക്തസാക്ഷികൾ അറിഞ്ഞ് അവന്റെ വഴികൾക്കായി, ജനവുമായുള്ള ഇടപെടലിലുള്ള അവന്റെ നിയന്ത്രകപ്രമാണങ്ങൾക്കായി, അവനെ സ്തുതിക്കുന്നു. ഈ പ്രമാണങ്ങൾ ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ സത്യവും ആണ്. ദുഷ്പ്രവൃത്തിക്കാരെ അവൻ ന്യായംവിധിക്കുമെന്നും, അവന്റെ വഴിയെ സമർഥിക്കുമെന്നും, അവന്റെ ജനത്തിന്റെ രക്തത്തിനു പ്രതികാരം ചെയ്യുമെന്നും ദൈവം തന്റെ ജനത്തിന് വാഗ്ദാനം ചെയ്യുന്നു. ജയാളികൾ ദൈവത്തിന്റെ വഴികൾ അറിയുന്നതുകൊണ്ട്, അവൻ വാഗ്ദത്തം ചെയ്തത് അവൻ ചെയ്യുമെന്ന് അവർക്ക് ഉറപ്പുണ്ട്.

"നീ മാത്രം പരിശുദ്ധനാകുന്നു" എന്നു പറഞ്ഞുകൊണ്ട് വാക്യം 4-ൽ ജയാളികൾ ദൈവത്തെ സ്തുതിക്കുന്നു. ഈ വാക്യത്തിലെ *പരിശുദ്ധൻ* എന്നതിന് ഉപയോഗിച്ചിരിക്കുന്ന യവനപദം ദിവ്യസ്വഭാവത്തിന് യോജിക്കുന്നതും അതിനെ രൂപപ്പെടുത്തുന്നതുമായ യോഗ്യതകളുടെ ആകത്തുകയെ പരാമർശിക്കുന്നു. അതിനാൽ, "പരിശുദ്ധൻ" ദൈവത്തിന്റെ പ്രകൃതത്തെ പരാമർശിക്കുമ്പോൾ, "നീതിമാൻ" അവന്റെ പ്രമാണങ്ങളെ പരാമർശിക്കുന്നു.

## VII. ആയിരം വർഷം ക്രിസ്തുവിനോടുകൂടെ വാഴുന്നു

ആയിരമാണ്ട് ക്രിസ്തുവിനോടുകൂടെ ജീവിക്കുകയും വാഴുകയും ചെയ്യുന്നവരോടുകൂടെ വെളിപ്പാട് 15-ലെ വൈകി എത്തുന്ന ജയാളികളും ഉൾപ്പെടും (20:4). വൈകി എത്തുന്ന ജയാളികൾ "ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവരും," "ദൈവത്തിന്റെയും ക്രിസ്തുവിന്റെയും പുരോഹിതന്മാരായി ആയിരം ആണ്ട് അവനോടുകൂടെ വാഴുന്നവരും" ആയിരിക്കുമെന്ന് വെളിപ്പാട്

20:6 പിന്നെയും സൂചിപ്പിക്കുന്നു. വൈകി എത്തുന്ന ജയാളികൾ അനുഗ്യഹീതരും വിശുദ്ധരും, അവരുടെമേൽ രണ്ടാം മരണത്തിന് യാതൊരു അധികാരവും ഇല്ലാത്തവരും ആയിരിക്കും (20:6). അവർ ദൈവത്തിന്റെയും ക്രിസ്തുവിന്റെയും പുരോഹിതന്മാരും, വരാൻപോകുന്ന രാജ്യത്തിലെ ജാതികളുടെമേൽ അവനോടുകൂടെ വാഴുന്ന, ക്രിസ്തുവിനോടുകൂടെയുള്ള സഹരാജാക്കന്മാരും ആയിരിക്കും.

വെളിപ്പാട് 14-ലും 15-ലും വിവിധ ജനങ്ങളോട് ഇടപെടുന്നതിലും, തന്റെ ജനത്തിനുവേണ്ടി വ്യത്യസ്ത രീതികളിൽ കരുതുന്നതിലുമുള്ള ദൈവത്തിന്റെ ജ്ഞാനത്തെ നാം കാണുന്നു. മരിച്ചുപോയ ജയാളികൾ ആൺകുട്ടിയായിരിക്കുകയും, ജീവിച്ചിരിക്കുന്ന ജയാളികൾ ആദ്യഫലമായിരിക്കുകയും, മഹോപദ്രവകാലത്ത് രക്തസാക്ഷികളായവർ വൈകി എത്തുന്ന ജയാളികളായിരിക്കുകയും ചെയ്യും. മഹോപദ്രവത്തിന്റെ മുഖ്യഭാഗത്തിലൂടെ കടന്നുപോകുന്ന മിക്ക വിശ്വാസികളും കൊയ്ത്തിൽ ഉൾപ്പെടും. കൊയ്ത്തിന്റെ ഉൾപ്രാപണത്തിനുശേഷം, കൊയ്ത്തിനുശേഷം വിളയുന്നവരും വിളഞ്ഞുപഴുക്കേണ്ടതിന് തങ്ങളെ ജ്വലിപ്പിക്കുവാൻ കൂടുതൽ സൂര്യപ്രകാശം ആവശ്യമുള്ളവരുമായ കാലായെ കർത്താവിന് അപ്പോഴും ശേഖരിക്കേണ്ടത് ആവശ്യമായിരിക്കും. അവസാനം, മഹോപദ്രവത്തിന്റെ അന്ത്യത്തിൽ കർത്താവ് ദുഷ്പ്രവൃത്തിക്കാരായ മുന്തിരിയെ മുന്തിരിച്ചക്കിലേക്ക് ശേഖരിക്കുകയും, ദൈവക്രോധത്തിന്റെ മുന്തിരിച്ചക്ക് മെതിക്കുകയും ചെയ്യുമെന്ന് നാം കണ്ടു.

## ഏഴു കലശങ്ങൾ

## (1)

ഇനി നാം ഏഴു കലശങ്ങളിലേക്കു വരുന്നു (16:1-21).

### I. അവസാനത്തെ ഏഴു ബാധകൾ

8:13-ൽ ഒരു കഴുകൻ മധ്യാകാശത്തിൽ പറന്നുകൊണ്ട് പറയുന്നു, "കാഹളം ഊതുവാൻ പോകുന്ന മൂന്നു ദൂതന്മാരുടെ **ശേഷിക്കുന്ന കാഹളനാദങ്ങൾ നിമിത്തം ഭൂമിയിൽ** വസിക്കുന്നവർക്ക് കഷ്ടം, കഷ്ടം, കഷ്ടം!" അവസാനത്തെ മൂന്നു കാഹളങ്ങളുടെ മൂന്നു കഷ്ടങ്ങൾ (9:12; 11:14) മഹോപദ്രവത്തിന്റെ കഷ്ടങ്ങളായിരിക്കും (മത്താ. 24:21). ഒന്നാമത്തെ കഷ്ടം ഒമ്പതാം അധ്യായത്തിലെ അഞ്ചാമത്തെ കാഹളവും, രണ്ടാമത്തെ കഷ്ടം ഒമ്പതാം അധ്യായത്തിൽത്തന്നെയുള്ള ആറാമത്തെ കാഹളവും ആണ്. ഏഴാമത്തെ കാഹളത്തിന്റെ പ്രതിലോമപരമായ

ഉള്ളടക്കത്തിന്റെ ഭാഗമായ ഏഴു കലശങ്ങളാണ് മൂന്നാമത്തെ കഷ്ടം (11:14). ഈ ഏഴു കലശങ്ങൾ അവസാനത്തെ ഏഴു ബാധകളാണ് (15:1). ആറാമത്തെ മുദ്രയും ഏഴാമത്തെ മുദ്രയുടെ ആദ്യത്തെ നാലു കാഹളങ്ങളും മഹോപദ്രവത്തിനുള്ള ആമുഖമാണെന്നു കരുതാം, എന്നാൽ മഹോപദ്രവം അഞ്ചാമത്തെ കാഹളവും ആറാമത്തെ കാഹളവും ഏഴാമത്തെ കാഹളത്തിന്റെ പ്രതിലോമപരമായ ഉള്ളടക്കങ്ങളുടെ ഭാഗവും ചേരുന്നതാണ്.

Mon

## II. ഏഴാമത്തെ കലശം ഒഴിക്കുന്നതിനുമുമ്പുള്ള സ്വർഗത്തിലെ ദൃശ്യം

സ്വർഗത്തിലെ ദൃശ്യം ഏഴു മുദ്രകൾക്കുമുമ്പും, വീണ്ടും ഏഴു കാഹളങ്ങൾക്കുമുമ്പും, പിന്നെയും ഏഴു കലശങ്ങൾക്കുമുമ്പും വെളിപ്പെടുത്തിയിരിക്കുന്നു. ഏഴു മുദ്രകൾ തുറക്കുന്നതിനുമുമ്പ് നാലും അഞ്ചും അധ്യായങ്ങളിലുള്ള ദൃശ്യത്തെ നമുക്ക് ചിത്രീകരിച്ചിട്ടുണ്ട്. ഈ ദൃശ്യത്തിൽ, സ്വർഗത്തിൽ ഒരു സിംഹാസനം സ്ഥാപിച്ചിരിക്കുന്നതും, സിംഹാസനത്തിൽ ഒരുവൻ ഇരിക്കുന്നതും, സിംഹാസനത്തിനു ചുറ്റും ഒരു മഴവില്ല് ഉള്ളതും, ഇരുപത്തിനാലു മൂപ്പന്മാർ ഇരുപത്തിനാലു സിംഹാസനങ്ങളിൽ ഇരിക്കുന്നതും, നാലു ജീവികളെയും, യോഗ്യനായ സിംഹ-കുഞ്ഞാടിനെയും നാം കാണുന്നു (4:2-8; 5:5-6). സിംഹാസനത്തിലിരിക്കുന്ന ദൈവം, തന്റെ മറയ്ക്കപ്പെട്ടിരിക്കുന്ന വ്യവസ്ഥ തുറക്കുവാൻ യോഗ്യതയുള്ളവനായ, യോഗ്യനായ സിംഹ-കുഞ്ഞാടിലൂടെ തന്റെ വ്യവസ്ഥയുടെ ഭരണനിർവഹണം നടത്തുന്നുവെന്ന് ഈ ദൃശ്യം സൂചിപ്പിക്കുന്നു. ഈ ദൃശ്യത്തിലെ ദൈവത്തിന്റെ ഭരണനിർവഹണത്തിന്റെ സിംഹാസനം പ്രാഥമികമായും ന്യായവിധിക്കുവേണ്ടിയാണ്.

8:3-5-ൽ നമുക്ക് ഏഴു കാഹളങ്ങൾ ഊതുന്നതിനു മുമ്പുള്ള സ്വർഗത്തിലെ ദൃശ്യമുണ്ട്. ഈ ദൃശ്യത്തിൽ മുഴുവൻ സ്വർഗവും ഏകദേശം അര മണിക്കൂറോളം നിശ്ശബ്ദമായിത്തീരുന്നു (8:1). വിശുദ്ധന്മാരുടെ പ്രാർഥനകൾ ദൈവത്തിന് സ്വീകാര്യമാകേണ്ടതിന് അവരുടെ പ്രാർഥനയെ ദൈവത്തിന്റെ അടുക്കലേക്ക് കൊണ്ടുവരുന്നതിനാലും പ്രാർഥനയോട് ധൂപവർഗം ചേർക്കുന്നതിനാലും ദൈവത്തിന് മഹാപുരോഹിതനായി ശുശ്രൂഷിക്കുവാൻ മറ്റൊരു ദൂതനായി ക്രിസ്തു ഇവിടെ വരുന്നു. അവന്റെ ധൂപവർഗത്തിലൂടെ, വിശുദ്ധന്മാരുടെ പ്രാർഥനകൾ ദൈവത്തിന് സൗരഭ്യവാസനയായിത്തീരുകയും ഭൂമിയുടെമേൽ അവന്റെ ന്യായവിധിയെ കൊണ്ടുവരികയും ചെയ്യുന്നു. ക്രിസ്തുവിനാലും, ക്രിസ്തുവിനോടുകൂടെയും വിശുദ്ധന്മാർ അർപ്പിച്ച പ്രാർഥനകൾക്ക്, ഏഴു കാഹളങ്ങളുടെ ന്യായവിധികളാൽ, ദൈവം ഉത്തരം നല്കുവാൻ പോകുന്നുവെന്ന് ഈ ദൃശ്യം വെളിപ്പെടുത്തുന്നു.

15:5-8-ൽ നമുക്ക് ഏഴു കലശങ്ങൾ ഒഴിക്കുന്നതിനു മുമ്പുള്ള സ്വർഗത്തിലെ ദൃശ്യമുണ്ട്. ഈ സമയമാകുമ്പോഴേക്കും അനേകം കാര്യങ്ങൾ—ആറാം മുദ്രയും, ആദ്യത്തെ ആറു കാഹളങ്ങളും, ഏഴാം കാഹളത്തിന്റെ ഒരു ഭാഗവും—സംഭവിച്ചിട്ടുണ്ടാകും. ഇപ്പോഴാണ് ദൈവകോപം അവസാനിക്കുവാനുള്ള സമയം (15:1). 15:1, 7; 16:1 എന്നീ വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന ദൈവകോപം സൂചിപ്പിക്കുന്നത് ദൈവത്തിന് തന്റെ ശത്രുവിനോട്, പ്രത്യേകിച്ചും എതിർക്രിസ്തുവിനോടും അവന്റെ രാജ്യത്തോടും കോപമുണ്ടെന്നാണ്. ദൈവം തന്റെ ന്യായവിധിയുടെ ഏറിയ പങ്കും നടപ്പാക്കുകയും, അവൻ ചെയ്യേണ്ടതായ ഏകദേശം എല്ലാകാര്യങ്ങളും നിർവഹിച്ചുകഴിഞ്ഞുവെങ്കിലും, അവന്റെ കോപം ഇതുവരെ തീർന്നിട്ടില്ല. അവന്റെ ക്രോധത്തിന്റെ കോപം ഒഴിക്കപ്പെടാനിരിക്കുന്നതേയുള്ളൂ. എന്നാൽ ഇതു സംഭവിക്കുന്നതിനുമുമ്പ്, സ്വർഗത്തിൽ മറ്റൊരു ദൃശ്യം വെളിപ്പെടുത്തിയിരിക്കുന്നു. ഇനി ഈ ദൃശ്യത്തിന്റെ വശങ്ങൾ നമുക്ക് ചിന്തിക്കാം.

## A. ആലയം തുറക്കപ്പെടുന്നു

വെളിപ്പാട് 15:5 പറയുന്നു, "ഈ കാര്യങ്ങൾക്കുശേഷം, സ്വർഗത്തിലെ സാക്ഷ്യകൂടാരത്തിന്റെ ദൈവാലയം തുറക്കപ്പെട്ടത് ഞാൻ കണ്ടു." ചരിത്രപരമായി കൂടാരം ആലയത്തിനു മുമ്പുണ്ടായിരിക്കുകയും, ആലയം അതിനെ പകരംവയ്ക്കുകയും ചെയ്തതുകൊണ്ട്, "സാക്ഷ്യകൂടാരത്തിന്റെ ദൈവാലയം" എന്ന പ്രയോഗം മനസ്സിലാക്കുവാൻ അല്പം പ്രയാസമാണ്. വാസ്തവത്തിൽ, കൂടാരവും ദൈവാലയവും ഒന്നാണ്. ആലയത്തിനു വേണ്ടിയുള്ള *നാവോസ്* എന്ന യവനപദം പൊതുവായ ആലയത്തെയല്ല, അതിവിശുദ്ധസ്ഥലമായ അകത്തെ ആലയത്തെയാണ് അർഥമാക്കുന്നത്. ഇക്കാരണത്താൽ, കൂടാരത്തിന്റെ ദൈവാലയം അർഥമാക്കുന്നത് കൂടാരത്തിന്റെ അതിവിശുദ്ധസ്ഥലത്തെയാണ്. പഴയനിയമത്തിലെ കൂടാരം വിശുദ്ധസ്ഥലവും അതിവിശുദ്ധസ്ഥലമായ അകത്തെ ഭാഗവും ചേരുന്നതാണ്. ഈ വാക്യത്തിലെ ദൈവാലയം പെട്ടകം ഇരിക്കുന്നിടമായ ആലയത്തിന്റെ അകത്തെ ഭാഗമായ അതിവിശുദ്ധസ്ഥലമാണ്. ദൈവത്തെ സാക്ഷ്യപ്പെടുത്തുന്നതും പെട്ടകത്തിനുള്ളിൽ വച്ചിരിക്കുന്നതുമായ ദൈവത്തിന്റെ ന്യായപ്രമാണമാണ് സാക്ഷ്യം (പുറ. 25:16). പെട്ടകം കൂടാരത്തിനുള്ളിൽ വച്ചിരിക്കുന്നതുകൊണ്ട് കൂടാരത്തെ സാക്ഷ്യകൂടാരമെന്നു വിളിച്ചിരിക്കുന്നു. സ്വർഗത്തിലെ സാക്ഷ്യകൂടാരത്തിന്റെ ദൈവാലയം തുറക്കപ്പെട്ടുവെന്ന് ഇവിടെ നാം കാണുന്നു. അത് ഇനി മറഞ്ഞിരിക്കുന്നില്ല, സർവപ്രപഞ്ചവും കാണേണ്ടതിന് അതിനെ അനാവരണം ചെയ്തിരിക്കുന്നു.

വാക്യം 5 11:19-ന്റെ തുടർച്ചയും അതിനോടുള്ള ബന്ധത്തിൽ മനസ്സിലാക്കേണ്ടതും ആണ്. വെളിപ്പാട് 11:19 പറയുന്നു, "സ്വർഗത്തിലുള്ള ദൈവാലയം തുറക്കപ്പെടുകയും, അവന്റെ ആലയത്തിൽ തന്റെ ഉടമ്പടിയുടെ പെട്ടകം കാണപ്പെടുകയും ചെയ്തു." 4:2-3-ലെ മഴവില്ലോടുകൂടിയ സിംഹാസനം, പ്രതിലോമവശത്ത്, ആറു മുതൽ പതിനൊന്നു വരെയുള്ള അധ്യായങ്ങളിൽ ഭൂമിയുടെമേൽ നടപ്പാക്കിയ സകല ന്യായവിധിയുടെയും കേന്ദ്രമാണ്; എന്നാൽ പെട്ടകത്തോടുകൂടിയ ആലയം, അനുലോമവശത്ത്, പന്ത്രണ്ടു മുതൽ ഇരുപത്തിരണ്ടു വരെയുള്ള അധ്യായങ്ങളിൽ പ്രപഞ്ചത്തിൽ നിവർത്തിച്ച ദൈവത്തിന്റെ സകല കാര്യനിർവഹണങ്ങളുടെയും കേന്ദ്രമാണ്. ഇക്കാരണത്താൽ, വെളിപ്പാട് പുസ്തകത്തിന്റെ ഒന്നു മുതൽ പതിനൊന്നു വരെ അധ്യായങ്ങളുള്ള ഒന്നാം ഭാഗത്തിൽ വെളിപാടിന്റെ കേന്ദ്രം മഴവില്ലോടുകൂടിയ സിംഹാസനമാണ്. പന്ത്രണ്ടു മുതൽ ഇരുപത്തിരണ്ടു വരെ അധ്യായങ്ങളുള്ള രണ്ടാം ഭാഗത്തിൽ വെളിപാടിന്റെ കേന്ദ്രം മഴവില്ലോടുകൂടിയ സിംഹാസനമല്ല, പെട്ടകത്തോടുകൂടിയ ആലയമാണ്.

മഴവില്ലോടുകൂടിയ സിംഹാസനം മുഖ്യമായും ഭൂമിയുടെമേലുള്ള ദൈവത്തിന്റെ ന്യായവിധിക്കുവേണ്ടിയും, പെട്ടകത്തോടുകൂടിയ ആലയം മുഖ്യമായും അവനെത്തന്നെ ആവിഷ്കരിക്കുവാൻ ദൈവത്തിന്റ കെട്ടുപണിക്കുവേണ്ടിയും ആണ്. വേറൊരു രീതിയിൽ പറഞ്ഞാൽ, ആലയവും പെട്ടകവും ദൈവത്തിന്റെ സാക്ഷ്യത്തിനു വേണ്ടിയാണ്.

ദൈവത്തിന്റെ സാക്ഷ്യം അവന്റെ കെട്ടിടത്തിലൂടെ അവനെത്തന്നെ ആവിഷ്കരിക്കുന്നതാണ്. പതിനൊന്നാം അധ്യായത്തിന്റെ അവസാനത്തിൽ, ഒരു വലിയ ഭൂകമ്പം, ഒരുപക്ഷേ ചരിത്രത്തിലെതന്നെ ഏറ്റവും വലിയ ഭൂകമ്പം ഉണ്ട്. എന്നാൽ രണ്ടാം ഭാഗത്തിന്റെ അവസാനത്തിൽ, ദൈവത്തിന്റെ കെട്ടിടവും, ദൈവത്തിന്റെ ആവിഷ്കാരവും, ദൈവത്തിന്റെ സാക്ഷ്യവുമായ പുതിയ യെരൂശലേം ഉണ്ട്. മുഴുവൻ പുതിയ യെരൂശലേമും അതിവിശുദ്ധസ്ഥലമാണ്. ഈ നഗരം നീളത്തിലും, വീതിയിലും, ഉയരത്തിലും പന്ത്രണ്ടായിരം സ്റ്റഡിയ (ഏകദേശം 1300 മൈൽ, ഏതാണ്ട് ലോസ് ആഞ്ചലസ് മുതൽ ഡാളസ് വരെയുള്ള ദൂരം) അളവിലുള്ള ഒരു സമചതുര ഷഡ്ഭുജം (cube) ആണ് (21:16). ഇതാണ് വെളിപ്പാട് പുസ്തകത്തിന്റെ അവസാനത്തെ പതിനൊന്ന് അധ്യായങ്ങളുടെ ഫലമായ വികാസംപ്രാപിച്ച ആലയം. ആദ്യത്തെ പതിനൊന്ന് അധ്യായങ്ങൾ ഒരു വലിയ ഭൂകമ്പത്തോടുകൂടെ അവസാനിക്കുകയും, അവസാനത്തെ പതിനൊന്ന് അധ്യായങ്ങൾ പുതിയ യെരൂശലേമിനോടുകൂടെ അവസാനിക്കുകയും ചെയ്യുന്നു. എന്തൊരു വൈരുദ്ധ്യം!

പതിനൊന്നാം അധ്യായത്തിന്റെ അവസാനത്തുള്ള ഭൂകമ്പം മഴവില്ലോടുകൂടിയ സിംഹാസനത്തിൽനിന്നു വരുന്നു. ഈ ഭയങ്കരമായ ഭൂകമ്പം ദൈവം വരുത്തുന്നുവെങ്കിലും, അവൻ സകല മനുഷ്യരെയും നശിപ്പിക്കുകയില്ല. മറിച്ച്, സിംഹാസനത്തെ ചുറ്റിയിരിക്കുന്ന മഴവില്ല് അവന്റെ ഉടമ്പടിയെ അവന് ഓർമ്മപ്പെടുത്തിക്കൊടുക്കുന്നു. ഈ മഴവില്ല് ക്രിസ്തു ആണ്. 10:1-ൽ ക്രിസ്തു എന്ന ബലവാനായ മറ്റൊരു ദൂതൻ മേഘം ധരിച്ചുകൊണ്ടും തലയിൽ മഴവില്ല് ഉള്ളവനായും സ്വർഗത്തിൽനിന്ന് ഇറങ്ങിവരുമെന്ന് നമ്മോടു പറഞ്ഞിരിക്കുന്നു. ക്രിസ്തു സാർവത്രിക മഴവില്ലാണ്. ദൈവം തന്റെ കോപത്തിൽ മത്സരികളായ മനുഷ്യരുടെമേൽ അവന്റെ ന്യായവിധി നടത്തുമ്പോൾ, മേഘത്തിലുള്ള ക്രിസ്തു നോഹയോടുള്ള ദൈവത്തിന്റെ ഉടമ്പടിയെ ഓർമ്മപ്പെടുത്തുന്ന മഴവില്ലായിരിക്കും. "ദൈവമേ, നിന്റെ നീതിപൂർവമായ കോപത്തോട് ഞാൻ യോജിക്കുന്നു, എന്നാൽ നിന്റെ വിശ്വസ്തതയെ ഞാൻ നിനക്ക് ഓർമ്മപ്പെടുത്തുന്നു. നോഹയുമായി നീ ഉണ്ടാക്കിയ ഉടമ്പടി നിനക്ക് മറക്കുവാൻ കഴിയുകയില്ല. ഞാൻ മേഘത്തിലുള്ള മഴവില്ലാണ്" എന്ന് മഴവില്ലെന്ന നിലയിൽ കർത്താവായ യേശു ഇങ്ങനെ പറയുമെന്നു തോന്നുന്നു. ഒടുവിൽ, മഴവില്ലിന്റെ ഓർമ്മപ്പെടുത്തലോടുകൂടെ നടത്തപ്പെട്ട ദൈവത്തിന്റെ ന്യായവിധി മത്തായി 25-ലെ "ചെമ്മരിയാട്" ആയിത്തീരുന്നവരെ ഒഴിവാക്കുകയും അവർ സഹസ്രാബ്ദരാജ്യത്തിൽ ജാതികളായിരിക്കുകയും ചെയ്യും. ഈ മഴവില്ല് ഇല്ലായിരുന്നുവെങ്കിൽ, വരുവാൻപോകുന്ന രാജ്യത്തിൽ ജാതികളായിരിക്കുവാൻ ആരും ശേഷിക്കുമായിരുന്നില്ല.

പെട്ടകത്തോടുകൂടിയ ആലയം ദൈവത്തിന്റെ ക്രിസ്തുവിനോടുകൂടെയുള്ള അവന്റെ ആവിഷ്കാരമാണ്. ആലയം ദൈവത്തിന്റെ ആവിഷ്കാരമായ ദൈവത്തിന്റെ നിവാസവും, പെട്ടകം ദൈവത്തിന്റെ സാക്ഷ്യമായ ക്രിസ്തുവും ആണ്. വെളിപ്പാടിലെ അവസാനത്തെ പതിനൊന്ന് അധ്യായങ്ങൾ ദൈവത്തിന്റെ ആവിഷ്കാരത്തിനും അവന്റെ ക്രിസ്തുവിനും വേണ്ടിയുള്ളതായതുകൊണ്ട്, ഈ ഭാഗത്തിന്റെ കേന്ദ്രം ദൈവത്തിന്റെ ആലയവും ദൈവത്തിന്റെ പെട്ടകവും ആണ്. ആത്യന്തികമായി, പുതിയ യെരൂശലേം വികാസംപ്രാപിച്ച ആലയമായിരിക്കുകയും, അതിൽ കുഞ്ഞാടെന്ന നിലയിൽ ക്രിസ്തു പെട്ടകം ആയിരിക്കുകയും ചെയ്യും. അതുകൊണ്ട്, പന്ത്രണ്ടു മുതൽ ഇരുപത്തിരണ്ടു വരെയുള്ള അധ്യായങ്ങളിലെ ദൈവത്തിന്റെ പ്രവൃത്തികളുടെ ഫലമെന്ന നിലയിൽ, നിത്യപെട്ടകത്തോടുകൂടെയുള്ള നിത്യമായ ആലയത്തെ നാം കാണുന്നു.

വെളിപ്പാട് പുസ്തകത്തെ അറിയുന്നതിനായി നമുക്ക് ഇങ്ങനെയുള്ള സർവവും ഉൾക്കൊള്ളുന്ന ഒരു വീക്ഷണം ഉണ്ടായിരിക്കണം. ഈ വീക്ഷണം ഉണ്ടായിരിക്കുന്നതിനാൽ മാത്രമേ നാം എവിടെയാണെന്ന് നമുക്ക് അറിയുവാൻ കഴിയുകയുള്ളൂ.

സ്ത്രീയും ആൺകുട്ടിയും ദൈവത്തിന്റെ ആലയത്തിനും ദൈവത്തിന്റെ പെട്ടകത്തിനും അനിവാര്യമാണ്. ശോഭയുള്ള സ്ത്രീ പുതിയ യെരൂശലേമിനു വേണ്ടിയാണ്. ഒടുവിൽ, ആ നഗരം സ്ത്രീയായിരിക്കും, എന്തെന്നാൽ, ഒരു നഗര-സ്ത്രീ എന്ന നിലയിൽ അവൾ കുഞ്ഞാടിന്റെ കാന്തയായിരിക്കും (21:9-10).

തന്റെ ഉദ്ദേശ്യം നിവർത്തിക്കേണ്ടതിന് പ്രതിലോമപരമായി വ്യാളിയെയും ദൈവം ഉപയോഗിക്കും. സാത്താനെക്കൊണ്ട് ദൈവത്തിന് ഇനി യാതൊരു ഉപയോഗവുമില്ലെങ്കിൽ, "സാത്താനേ, തീപ്പൊയ്കയിലേയ്ക്കു പോകുക" എന്നു പറയുവാൻ അവൻ ഒരുക്കമുള്ളവനായിരിക്കും. ദൈവം വലിയവനും അവൻ സർവാധികാരിയും ആണ്. സാത്താൻ പൂർണമായും ദൈവത്തിന്റെ കരങ്ങളിലാണെന്ന് ഈ പുസ്തകം വെളിപ്പെടുത്തുന്നു. ദൈവം സാത്താനെ ഉപയോഗിക്കുന്നത് നീതിയുക്തമല്ല എന്നു ചിന്തിക്കരുത്. ദൈവം അധികം നീതിയുള്ളവനാണ്, നിങ്ങളെക്കാൾ നീതിയുള്ളവനാണ്. അവനോടു തർക്കിക്കുന്നത് ആർക്ക് സങ്കല്പിക്കുവാൻ കഴിയും? റോമർ 9:20-21-ൽ പൗലൊസ് പറഞ്ഞു, "ഹേ മനുഷ്യാ, ദൈവത്തോട് പ്രത്യുത്തരം പറയുന്ന നീ ആർ? മനഞ്ഞിരിക്കുന്നത് മനഞ്ഞവനോട്, നീ എന്നെ ഇങ്ങനെ ഉണ്ടാക്കിയത് എന്ത് എന്നു ചോദിക്കുമോ? അല്ലെങ്കിൽ കുശവന് ഒരേ പിണ്ഡത്തിൽനിന്ന് ഒരു പാത്രം മാനത്തിനും വേറൊന്ന് അപമാനത്തിനും ഉണ്ടാക്കുവാൻ കളിമണ്ണിന്മേൽ അധികാരം ഇല്ലയോ?" നിങ്ങൾക്ക് ദൈവത്തോട് തർക്കിക്കുവാൻ ധൈര്യമുണ്ടെങ്കിൽ അവൻ പറയും, "ഞാൻ സ്രഷ്ടാവും നീ കളിമണ്ണും ആണ്. എനിക്കിഷ്ടമുള്ളതെന്തും ഉണ്ടാക്കുവാനുള്ള അധികാരം എനിക്കുണ്ടെന്ന് നീ അറിയുന്നില്ലേ? നിന്നെ ഞാൻ ആഗ്രഹിക്കുന്ന എന്തുമാക്കുവാൻ എനിക്ക് ശക്തിയുണ്ട്. എന്നോട് തർക്കിക്കുവാൻ നീ ആരാണ്?" ദൈവം സർവാധികാരിയാണ്. വെളിപ്പാട് പുസ്തകം വീണ്ടും വീണ്ടും വായിച്ചതിനുശേഷം, "ദൈവമേ, നിന്റെ സർവാധികാരത്തിനായി ഞാൻ നിന്നെ ആരാധിക്കുന്നു. നിന്റെ മക്കളിൽ ഒരുവനായിരിക്കുവാനും, നിന്റെ ദാസന്മാരിൽ ഒരുവനായിരിക്കുവാനും നീ എന്നെ തിരഞ്ഞെടുത്തതിനായി ഞാൻ നിന്നെ ആരാധിക്കുന്നു" എന്നു പറയുവാൻ മാത്രമേ എനിക്കു കഴിയുകയുള്ളൂ. ഓ, നാം അവനെ എത്രമാത്രം ആരാധിക്കണം!

## B. ആലയത്തിൽനിന്ന് ഏഴു ദൂതന്മാർ പുറപ്പെട്ടുവരുന്നു

വാക്യം 6 പറയുന്നു, "ഏഴു ബാധകളുള്ള ഏഴു ദൂതന്മാർ വെടിപ്പുള്ളതും ശുഭ്രവുമായ ചണനൂൽവസ്ത്രം ധരിച്ചും മാറത്ത് പൊൻകച്ച കെട്ടിയും ദൈവാലയത്തിൽനിന്ന് പുറത്തുവന്നു." ഏഴു ദൂതന്മാർ പടയാളികളെപ്പോലെയല്ല,

പുരോഹിതന്മാരെപ്പോലെയാണ് വസ്ത്രം ധരിച്ചിരിക്കുന്നത് (യെഹെ. 44:17). എന്റെ അഭിപ്രായമനുസരിച്ച്, ഏഴു കലശം ഒഴിക്കുവാനുള്ള ഏഴു ദൂതന്മാർ സൈനികവേഷം ധരിക്കണം. അവർ പുരോഹിതവസ്ത്രം ധരിച്ചിരിക്കുന്നു എന്ന വസ്തുത വളരെ പ്രധാനമാണ്. തീ കലർന്ന കണ്ണാടിക്കടലിന്മേൽ നിൽക്കുന്ന വൈകി എത്തിയ ജയാളികളുടെ സ്തുതികൾക്കുള്ള പ്രത്യുത്തരമാണ് ഏഴു ദൂതന്മാരാൽ ഒഴിക്കപ്പെടുന്ന ഏഴു കലശങ്ങൾ എന്ന് ഇതു സൂചിപ്പിക്കുന്നു. കണ്ണാടിക്കടലിന്മേൽ നിൽക്കുന്ന വൈകി എത്തിയ ജയാളികൾ തങ്ങളുടെ സ്തുതികളോടുകൂടെ ദൈവത്തെ ആരാധിക്കും. ആ സമയം, പ്രാർഥന അവസാനിക്കുകയും സ്തുതി ആരംഭിക്കുകയും ചെയ്യും. അഞ്ചാം മുദ്രയിൽ രക്തസാക്ഷികളായ വിശുദ്ധന്മാരുടെ നിലവിളിയും, പ്രാർഥനയും നാം കണ്ടു (6:9-11). എന്നാൽ പതിനഞ്ചാം അധ്യായത്തിൽ നിലവിളിയോ പ്രാർഥനയോ ഇല്ല; പകരം, സ്തുതികളാണുള്ളത്. "കർത്താവേ, എതിർക്രിസ്തു ഞങ്ങളെ ഉപദ്രവിക്കുകയും രക്തസാക്ഷിയാക്കുകയും ചെയ്തു. ഇപ്പോൾ ഞങ്ങളുടെ രക്തത്തിന് പ്രതികാരംചെയ്യുവാനും അവന്റെ രാജ്യത്തെ നശിപ്പിക്കുവാനും നീ കടന്നുവരണം" എന്നു പറഞ്ഞുകൊണ്ട് വൈകി എത്തിയ ജയാളികൾ പ്രാർഥിക്കുന്നില്ല. ഈ രീതിയിൽ പ്രാർഥിക്കുന്നതിനുപകരം, വൈകി എത്തിയ ജയാളികൾ ദൈവത്തെ സ്തുതിക്കുന്നു. അവരുടെ സ്തുതികൾ രേഖപ്പെടുത്തിയതിനുശേഷം ഏഴു കലശങ്ങൾ ഒഴിക്കുന്നതിനു മുമ്പ് പെട്ടെന്ന് സ്വർഗത്തിലെ ദൃശ്യത്തിന്റെ അനാവരണമുണ്ട്. സ്വർഗത്തിലെ സാക്ഷ്യകൂടാരത്തിന്റെ ദൈവാലയത്തിൽനിന്നും ഏഴു ബാധകളുമായി ഏഴു ദൂതന്മാർ വരുന്നു. ഈ ദൂതന്മാർ പടയാളികളെപ്പോലെയല്ല വസ്ത്രം ധരിച്ചിരിക്കുന്നത്, പിന്നെയോ തങ്ങളുടെ ശുശ്രൂഷ നിവർത്തിക്കുവാൻ വരുന്ന പുരോഹിതന്മാരെ പ്പോലെയാണ്. ഇത് ഇനിമേൽ കേവലം ന്യായവിധിയുടെ കാര്യമല്ല, കാരണം ദൈവത്തിന് തന്റെ ആവിഷ്കാരം ഉണ്ടായിരിക്കേണ്ടതിന് ഇവിടെ ന്യായവിധി ദൈവത്തിന്റെ വ്യവസ്ഥയുടെ നിറവേറലുമായി കലർന്നിരിക്കുന്നു.

ഈ ഘട്ടത്തിൽ നാം 16:17-നു കൂടുതൽ ശ്രദ്ധ നല്കേണ്ടതാവ ശ്യമാണ്. ഈ വാക്യം പറയുന്നു, "ഏഴാമത്തവൻ തന്റെ കലശം അന്തരീക്ഷത്തിന്മേൽ ഒഴിച്ചു: അപ്പോൾ നിവർത്തിയായി, എന്നു പറഞ്ഞുകൊണ്ട്, ദൈവാലയത്തിലെ സിംഹാസനത്തിൽനി ന്നൊരു മഹാശബ്ദം പുറപ്പെട്ടുവന്നു." ഈ വാക്യത്തിൽ രണ്ടു കാര്യങ്ങൾ കലർന്നിരിക്കുന്നു എന്നത് ശ്രദ്ധിക്കുക—ദൈവാലയവും സിംഹാസനവും. ഈ വാക്യത്തിന്റെ വ്യാകരണഘടന മനസ്സിലാക്കുവാൻ പ്രയാസമാണ്. "ദൈവാലയത്തിലെ സിംഹാസനത്തിൽനിന്ന്" ഒരു ശബ്ദം വന്നു എന്നു പറയുന്നത് എന്താണ് അർഥമാക്കുന്നത്? ഈ പുസ്തകത്തിന്റെ ഒന്നാം

ഭാഗത്തിലെ ദൈവത്തിന്റെ പ്രവൃത്തികൾ സിംഹാസനത്തിൽനിന്നു പുറപ്പെട്ടുവരുന്നുവെന്നും, രണ്ടാം ഭാഗത്തിലെ അവന്റെ പ്രവൃത്തികൾ ദൈവാലയത്തിൽനിന്നു പുറപ്പെടുന്നുവെന്നും നാം കണ്ടു. ഒന്നാമതായി ദൈവത്തിന്റെ ന്യായവിധിയുടെ കേന്ദ്രം സിംഹാസനമാണെന്നും, പിന്നെ ദൈവത്തിന്റെ സാക്ഷ്യത്തിന്റെ കേന്ദ്രം ആലയമാണെന്നും വെളിപ്പാട് പുസ്തകം കാണിക്കുന്നു. ഈ വാക്യത്തിൽ സിംഹാസനവും ആലയവും സംയോജിച്ചിരിക്കുന്നു. ഇപ്പോൾ ദൈവത്തിന്റെ ന്യായവിധി ദൈവത്തിന്റെ ആവിഷ്കാരത്തോടുകൂടെ, ദൈവത്തിന്റെ സാക്ഷ്യത്തോടുകൂടെ ഇഴുകിച്ചേർന്നിരിക്കുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ, ദൈവത്തിന്റെ സാക്ഷ്യം ദൈവത്തിന്റെ ന്യായവിധിയിൽനിന്നു വരുകയും, ദൈവത്തിന്റെ ന്യായവിധി ദൈവത്തിന്റെ സാക്ഷ്യത്തിനുവേണ്ടിയും ആണ്. ദൈവാലയം സിംഹാസനത്തിൽനിന്നു വരുകയും സിംഹാസനം ആലയത്തിനുവേണ്ടിയും ആണ്.

ഈ തത്ത്വം ഇന്നു നമുക്ക് പ്രായോഗികമാണ്. നാം ദൈവത്തിന്റെ ആവിഷ്കാരമായ ദൈവത്തിന്റെ ആലയത്തിനുവേണ്ടി ആയിരിക്കണമെങ്കിൽ, നാം ന്യായംവിധിക്കപ്പെടണം. വെളിപ്പാടിന്റെ ആദ്യത്തെ പതിനൊന്ന് അധ്യായങ്ങളുടെ കേന്ദ്രീയപ്രമാണം നമ്മുടെ ദൈനംദിന ജീവിതത്തിലും, നമ്മുടെ പരസ്യ ജീവിതത്തിലും, നമ്മുടെ സഭാജീവിതത്തിലും പ്രയോഗിക്കപ്പെടണം. നമ്മിലുള്ള എത്രയധികം കാര്യങ്ങൾ ഇപ്പോഴും ന്യായംവിധിക്കപ്പെടാനുണ്ട്! നിരവധി "തേളുകളും," "പാമ്പുകളും," "തവളകളും" നമ്മുടെ ജീവിതങ്ങളിലുണ്ട്. അനേകം "തേളുകൾ" നമ്മുടെ കുടുംബജീവിതത്തിലും, വിവാഹജീവിതത്തിലും ഇഴഞ്ഞുനടക്കുകയും, ചില "തവളകൾ" സഭാജീവിതത്തിൽ ഇപ്പോഴും ബാധ പരത്തുകയും ചെയ്യുന്നു. ഈ എല്ലാ "തേളുകളും," "തവളകളും" ന്യായംവിധിക്കപ്പെടണം. ഈ ന്യായവിധിയുടെ ഫലം "ദൈവാലയത്തിലെ സിംഹാസനത്തിൽനിന്നുള്ള" സാക്ഷ്യമായിരിക്കും.

ഏഴു കലശങ്ങളുള്ള ഏഴു ദൂതന്മാർ പടയാളികളല്ല, പുരോഹിതന്മാരാണെന്നും, അവർ ഏഴു കലശങ്ങൾ ഒഴിക്കുന്നത് വൈകി എത്തുന്ന ജയാളികളുടെ സ്തുതിയോടുള്ള പ്രത്യുത്തരമായിട്ടാണെന്നും ഞങ്ങൾ ചൂണ്ടിക്കാണിച്ചു. ദൈവം വൈകി എത്തുന്ന ജയാളികളുടെ സ്തുതിയോട് പ്രതികരിക്കുന്നത് സിംഹാസനത്തിൽനിന്നു മാത്രമല്ല, ആലയത്തിനുള്ളിൽ നിന്നും ആണ്. ഇത് അർഥമാക്കുന്നത് ദൈവത്തിന്റെ ഉത്തരം ന്യായവിധിക്കു മാത്രമല്ല, അതിലുപരി അവന്റെ സാക്ഷ്യത്തിനുവേണ്ടിയും അവന്റെ ആലയമായ അവന്റെ ആവിഷ്കാരത്തിനുവേണ്ടിയും ആകുന്നു എന്നാണ്. ഏഴു കലശങ്ങളുള്ള ഏഴു ദൂതന്മാർ ദൈവത്തിന്റെ ന്യായവിധിക്കുവേണ്ടി മാത്രമല്ല,

പിന്നെയോ പ്രത്യേകിച്ചും ദൈവത്തിന്റെ സാക്ഷ്യത്തിനുവേണ്ടിയും ആയതുകൊണ്ട്, അവർ ദൈവാലയത്തിൽനിന്നു പുറപ്പെട്ടുവന്നു. അവർ ന്യായാസനത്തിൽനിന്നു മാത്രമല്ല, ദൈവത്തിന്റെ ആവിഷ്ടാരത്തിനുവേണ്ടി ദൈവാലയത്തിൽനിന്നുമാണ് പുറപ്പെടുന്നത്. അവസാനത്തെ കലശം ഒഴിച്ചുകഴിഞ്ഞാൽ പ്രതിലോമപരമായ സകല കാര്യങ്ങളും തുടച്ചുമാറ്റപ്പെടും. അതിനുശേഷം ഉടനെ മണവാട്ടി പ്രത്യക്ഷപ്പെടുന്നു (19:7-9).

പത്തൊമ്പതാം അധ്യായം പതിനാറാം അധ്യായത്തിന്റെ തുടർച്ചയാണ്. പതിനേഴും പതിനെട്ടും അധ്യായങ്ങൾ മതപരമായ ബാബിലോൺ, ഭൗതിക ബാബിലോൺ എന്നീ ബാബിലോണിന്റെ രണ്ടു ഭാവങ്ങളെ സംബന്ധിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ നല്കുന്നതിനായി ഉൾച്ചേർത്തതാണ്. എന്നാൽ, പത്തൊമ്പതാം അധ്യായം പതിനാറാം അധ്യായത്തിലെ കലശങ്ങൾ ഒഴിക്കുന്നതിന്റെ യഥാർഥ തുടർച്ചയാണ്. ഏഴു കലശങ്ങൾ കേവലം സിംഹാസനത്തിൽനിന്നുള്ള ന്യായവിധിക്കു വേണ്ടിയല്ല, അതിലുപരി ദൈവത്തിന്റെ ആലയത്തിൽനിന്നുള്ള അവന്റെ സാക്ഷ്യത്തിനു വേണ്ടിയാണെന്നതിന്റെ കൂടുതലായുള്ള ഒരു സൂചനയാണ് ഇത്. ഇതാണ് "ദൈവാലയത്തിലെ സിംഹാസനത്തിൽനിന്നുള്ള" എന്ന പ്രയോഗത്തിന്റെ അർഥം.

## C. ഏഴു പൊൻകലശങ്ങൾ ഏഴു ദൂതന്മാർക്ക് നല്കപ്പെട്ടു

വാക്യം 7 പറയുന്നു, "നാലു ജീവികളിൽ ഒന്ന് എന്നെന്നേക്കും ജീവിക്കുന്ന ദൈവത്തിന്റെ കോപം നിറഞ്ഞ ഏഴു പൊൻകലശങ്ങൾ ഏഴു ദൂതന്മാർക്കു നൽകി." നാലു ജീവികളിൽ ഒന്നു നല്കിയ ഏഴു കലശങ്ങൾ ദൈവകോപംകൊണ്ടു നിറഞ്ഞതാണ്. കലശങ്ങൾ ചെറുതായിരിക്കുന്നതിനാൽ പരിമിതിയെ സൂചിപ്പിക്കുന്നു. അവസാനത്തെ ഏഴു ബാധകൾ ദൈവത്തിന്റെ ആത്യന്തിക ക്രോധമാണെങ്കിലും, അവന്റെ ക്രോധം അപ്പോഴും പരിമിതപ്പെട്ടിരിക്കുന്നു; അല്ലെങ്കിൽ, സർവഭൂമിയും അതിലെ സകല നിവാസികളും നശിപ്പിക്കപ്പെടുമായിരുന്നു. അവന്റെ നിത്യോദ്ദേശ്യം നിറവേറ്റുന്നതിനുവേണ്ടി ഭൂമിയുടെമേലുള്ള ന്യായവിധിയിലുള്ള അവന്റെ ആത്യന്തിക ക്രോധത്തിൽ ദൈവം അപ്പോഴും പരിമിതികൾ പ്രയോഗിക്കുന്നു. ദൈവക്രോധത്തിന്റെ ഈ ഒഴിക്കൽ അത്യന്തം ഗൗരവമേറിയതാണെങ്കിലും, അത് അപ്പോഴും പരിമിതപ്പെടുത്തിയിരിക്കുന്നു. ദൈവം കരുണയുള്ളവനാണ്. മൃഗവും, അവന്റെ പൗരന്മാരും, അവന്റെ മുഴുവൻ രാജ്യവും പരിമിതിയില്ലാതെ പൂർണ്ണമായി നശിപ്പിക്കപ്പെടേണ്ടതാണെങ്കിലും, അവന്റെ ക്രോധം ഒഴിക്കുന്നത് ഒരു ചെറിയ അളവായി ദൈവം അപ്പോഴും ചുരുക്കുന്നു. ഇതിനായി കർത്താവിന് സ്തോത്രം ചെയ്യാം!

## D. ദൈവതേജസ്സിൽനിന്നും ശക്തിയിൽനിന്നുമുള്ള പുകകൊണ്ട് ദൈവാലയം പുകകൊണ്ട് നിറയുന്നു

വാക്യം 8 പറയുന്നു, "ദൈവാലയം ദൈവതേജസ്സിൽനിന്നും അവന്റെ ശക്തിയിൽനിന്നുമുള്ള പുകകൊണ്ടു നിറഞ്ഞു, ഏഴു ദൂതന്മാരുടെ ഏഴു ബാധകൾ തീരുവോളം ആർക്കും ദൈവാലയത്തിലേക്കു പ്രവേശിക്കുവാൻ കഴിഞ്ഞില്ല." സാത്താനാൽ പ്രകോപിപ്പിക്കപ്പെട്ടവരും എതിർക്രിസ്തുവിനാൽ സ്വാധീനിക്കപ്പെട്ടവരുമായ മത്സരികളായ ജനത്തിനുമേൽ ദൈവക്രോധം പൂർണ്ണമായി ഒഴിച്ചുതീരുവോളം അതിനെ പ്രീണിപ്പിക്കുവാൻ പ്രാർഥിക്കേണ്ടതിന് ആലയത്തിലേക്കു പ്രവേശിക്കുവാൻ ആർക്കും കഴിയുകയില്ലെന്ന് ഇത് അർഥമാക്കുന്നു.